കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി14/1039/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-07.06.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടുമ്പ് ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി14/1039/2017 തിയ്യതി: 07.06.2017

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2016 മുതൽ 22.5.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2017 മുതൽ 30.05.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈലജ.എസ് | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.എൻ.വിനോദ്കുമാർ | 1.4.16 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.നന്ദകുമാർ.എ. | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിർമല.കെ. | 1.4.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക, GLPS,തിരുവാലത്തൂർ | ശ്രീമതി.കദീജ.എച്ച്. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. I | ശ്രീമതി.ദീപ | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ.II | ശ്രീ.ഫൈസൽ1.4.16 മുതൽ 31.3.17 വരെ | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ബേബി.കെ.കേളത്ത് | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കൊച്ചുനാരായണി | 1.4.16 മുതൽ 25.9.16 വരെ |
| -ടി- | ശ്രീമതി.കാഞ്ചന.കെ | 26.9.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ജോവിത പുളർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഹേമ | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയകൃഷ്ണൻ | 1.4.16 മുതൽ 14.12.16 വരെ |

| | | |
|---|---|---|
| -ടി- | ഡോ.ദേവദാസ് | 14.12.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 6.5.2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 23853830/-

വരവ് - ₹.51053288/-

-------------------------------------

ആകെ - ₹. 74907118/-

ചെലവ് - ₹. 45903616/-

നീക്കിയിരിപ്പ്- ₹. 29003502/-

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യി രിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 13892030 | 13892030 | 8671587 | 5220443 | 0 | 62.42 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 10517805 | 10517805 | 6417116 | 4100689 | 0 | 61 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 267192 | 267192 | 141192 | 126000 | 0 | 53 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9079876 | 9079876 | 546384 | 8533492 | 0 | 6 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3393473 | 3393473 | 707876 | 2685597 | 0 | 20.86 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6332489 | 6332489 | 2917693 | 3414796 | 0 | 46.07 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 2281057 | 2281057 | 2276172 | 4885 | 0 | 99.78 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (State) | 0 | 813278 | 813278 | 791258 | 22020 | 0 | 97.29 |
| എം.എൻ.ആർ. ഇ.ജി.എസ് | 1 | 9455439 | 9455440* | 9435597 | 0 | 19843 | 99.7 |

* ബാങ്ക് പലിശ ഉൾപ്പെടെ

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 133 | 54661913 | 64 | 23664590 | 69 | 48 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 3940900 | 2856700 | 72.49 |
| വെറ്ററിനറി സർജൻ | 1 | 1 | 1250000 | 293750 | 23.5 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 5 | 944250 | 387040 | 40.99 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| വി.ഇ.ഒ. | 10 | 7 | 5089250 | 3150000 | 61.90 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3659283 | 3249283 | 88.8 |
| സെക്രട്ടറി | 16 | 8 | 11379676 | 3719374 | 33 |
| പ്രധാനാദ്ധ്യാപിക | 2 | 2 | 621397 | 621397 | 100 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 29 | 24820628 | 7246254 | 29.19 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 2556529 | 1740792 | 68.09 |
| ആകെ | 133 | 64 | 54661913 | 23664590 | 43.29 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.25 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5394327 | 5434256 | 39929 | 0.7(+) |
| നികുതിയേതര വരവുകൾ | 801796 | 1977071 | 1175275 | 0.46 (+) |
| മറ്റുവരവുകൾ | 7932823 | 7741345 | 191478 | 2.4(-) |
| ആകെ | 14128946 | 15152672 | 1023726 | 7.25(+) |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ 30-45 ദിവസത്തിനകം തീരുമാനമെടുത്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിര സിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 7 | 2 |
| 2 | വിധവാ പെൻഷൻ | 70 | 70 | 13 |
| 3 | വികലാംഗ പെൻഷൻ | 17 | 17 | 3 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | 3 |

| | | | | |
|---|---|---|---|---|
| 5 | വാർദ്ധക്യകാല പെൻഷൻ | 421 | 421 | 89 |
| 6 | തൊഴിൽരഹിത വേതനം | 13 | 13 | 6 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-5-2017 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12060/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വസ്തു നികുതി ഒഴികെയുള്ള ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.17-19.5.17 | 4/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9/11 | 1997-98 to 2008-09 | 23.12.16 ലെ കത്ത് പ്രകാരം റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കി |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന മൂന്ന് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക ഈടാക്കാനുള്ളത് |
|---|---|---|
| 1 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 2008-09 മുതൽ |
| 2 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 2009-10 മുതൽ |
| 3 | വൊഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2010-11 മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/22.5.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ (2015-16) നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-2 <u>പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ</u>

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. <u>പരസ്യനികുതി</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച് വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് - അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല

2016-17 ലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകകൾ താഴെ കൊടുക്കുന്നു.

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല . കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിശോധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് സംബന്ധിച്ച്

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമനമ്പർ | ഡി & ഒ നം. | കെട്ടിട നം. | ഉടമസ്ഥരുടെ പേരും വിലാസം |
|---|---|---|---|
| 121 | A4/811/16 | 8/57 | ശിവചിദംബരം, പാളയം, ഓലശ്ശേരി പി.ഒ, കൊടുംബ് |
| 198 | A4/4061/16 | 5/437 | സജീന w/o കാസിം<br>പോളിടെക്നിക് ജംഗ്ഷൻ<br>എരട്ടയാൽ, കൊടുംബ് പി.ഒ |

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-5 വെള്ളക്കരം കുടിശ്ശികയിലെ വ്യത്യാസം സംബന്ധിച്ച്

വെള്ളക്കര രജിസ്റ്റർ, വാർഷികകണക്കുകൾ എന്നിവ പരിശോധിച്ചതിൽ തൻവർഷത്തെയും കുടിശ്ശികയിലും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു.

തൻവർഷം

രജിസ്റ്റർ പ്രകാരം - 228455

AFS പ്രകാരം - 184165

വ്യത്യാസം - 44290

കുടിശ്ശിക

രജിസ്റ്റർ പ്രകാരം - 478074

AFS പ്രകാരം - 613679

വ്യത്യാസം - 135605

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ ഈയിനത്തിലെ വ്യത്യാസം കണ്ടെത്തി കുടിശ്ശിക ഈടാക്കി പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2. സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

3. 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ സെന്റ് സെബാസ്റ്റ്യൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ക്രിയേറ്റീവ് പബ്ലിക് സ്കൂൾ എന്നീ സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ( 2016-17 ഒന്നും രണ്ടും അർധവർഷം ) രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14-2-2011 ലെ ജി.ഒ (എം.എസ്) 36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 1-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജിവനക്കാരുടെ

വരുമാനം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാൻ സ്കൂളുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 18 (4, 5, 6) എന്നിവ പ്രകാരം ഓരോ അർധ വർഷത്തിന്റെ അവസാനവും ഓഫീസ് തലവനോ തൊഴിലുടമയോ വച്ചു പോരുന്ന രജിസ്ററിലെ സംഖ്യകളും മറ്റു വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തുല്യ രജിസ്ററുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതും ഒരു പരിശോധനാ സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തിയ്യതി വെച്ച് നൽകേണ്ടതുമാണ്. ടി ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സെക്രട്ടറി പൂർത്തീകരിക്കേണ്ടതും ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2016-17 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

b) മണപ്പുറം ഫിനാൻസ് ലിമിറ്റഡ്

c) YES ബാങ്ക് ലിമിറ്റഡ്, ചന്ദ്രനഗർ

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 ഡി.സി.ബി. ഇനങ്ങളുടെ രജിസ്റ്ററുകളിലെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിലെ വിവിധ വരവിനങ്ങളായ തൊഴിൽനികുതി, വാടക, ഡി & ഒ, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ ഇവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 2-8 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരം വാടക ഇനത്തിൽ 31.3.17 ന് താഴെ പറയും പ്രകാരം കുടിശ്ശിക ഈടാക്കാനുണ്ട്.

| തൻവർഷം | കുടിശ്ശിക |
|---|---|

| | |
|---|---|
| 69064 | 15748 |

ഗ്രാമപഞ്ചായത്തിനു കീഴിൽ വാടകക്ക് നൽകാവുന്ന എത്ര കടമുറികൾ ഉണ്ടെന്നത് സംബന്ധിച്ചോ അതിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാമാണെന്നത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകക്ക് നൽകുന്നതിനായി ലേല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക കണക്കാക്കിയിരിക്കുന്നത് കൃത്യമായിട്ടല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളായ 8/617-ാം നമ്പർ കടമുറിയിൽ പ്രവർത്തിച്ചിരുന്ന എസ് സി കോപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെയും (3300+3600+3780+3960) 3/524 നമ്പർ കടമുറി ഉപയോഗിച്ചിരുന്ന ജഗദീഷിൽ നിന്നും 2014-15 കാലയളവിലെയും വാടക കുടിശ്ശിക 1980രൂപ ഈടാക്കുവാൻ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചുവെങ്കിലും ആയത് അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടിപോയതിനാൽ ജപ്തി നടപടികൾ സ്വീകരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച 5 മുറികളും 2016-17 ൽ വാടകക്ക് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 3/418, 3/419, 8/124,8/493 എന്നീ റൂമുകളിലെ വാടകക്കാർ 2016-17 ലെ വാടക അടച്ചിട്ടില്ല. പ്രസ്തുത റൂമുകൾ ലേലത്തിന് വക്കാതെ വീണ്ടും അതേ വാടകക്കാർക്ക് തന്നെ നൽകിയിരിക്കുകയാണ്. ഇത് ശരിയായ നടപടിക്രമമല്ല.

കെട്ടിടം വാടകയ്ക്കു നൽകുമ്പോൾ വാടകക്കാരുമായി കരാർ ചമയ്ക്കേണ്ടതും കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ കരാർ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ് അതോടൊപ്പം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുഴുവൻ കെട്ടിട മുറികളെയും സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകക്ക് നൽകാൻ ലേലനടപടികൾ സ്വീകരിക്കേണ്ടതും അത് ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നല്കിയിരിക്കുന്നു-തുക

## ഈടാക്കേണ്ടതാണ്

പ്രോജകട് നമ്പർ-175/17-ജലസേചനത്തിനുള്ള മോട്ടോർ പമ്പ് സെറ്റ് വാങ്ങുന്നതിന്

സബ്സിഡി

വികസന ഫണ്ട്----- 47271

ഗുണഭോക്തൃവിഹിതം- 47271

94542

നിർവ്വഹണോദ്യോഗസ്ഥൻ – അഗ്രികൾച്ചറൽ ഓഫീസർ

ബിൽ നമ്പർ - 4/16-17 തിയ്യതി 17.3.17=47271/-

ജലസേചനത്തിനുള്ള മോട്ടോർ പമ്പ് സെറ്റ് വാങ്ങുന്നതിന് 50% സബ്സിഡി നിരക്കിൽ 10 വ്യക്തികൾക്ക് 4727/-രൂപ വീതം മേൽ ബിൽ പ്രകാരം 47271/-രൂപ പിൻവലിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 10 ഗുണഭോക്താക്കളും മോട്ടോർ നേരിട്ട് വാങ്ങി സ്ഥാപിച്ചശേഷം ബില്ല് കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ബിൽ തുകയുടെ 50% -പരമാവധി 4727 രൂപയാണ് സബ്സിഡിയായി അനുവദിച്ചത്. പദ്ധതി തൃപ്തികരമായി പൂർത്തീകരിക്കുകയും ഭൗതികലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) 4/16ത.സ്വ.ഭ.വ. തിയ്യതി 11.1.16 പ്രകാരം മോട്ടോർ പമ്പ് സെറ്റിന് സബ്സിഡി അനുവദിക്കാവുന്നതല്ല. മേൽ ഉത്തരവ് അനുബന്ധം 15-പാര- 2-3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൻെറ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നല്കിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/ വ്യക്തികളിൽ നിന്നും ബാധകമായ നിയമ വ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അനുവദിച്ച ധനസഹായം ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. അനുബന്ധം 15-പാര- 2-(2-3) പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിലും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിൻെറ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രോജകട് തയ്യാറാക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 47271/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/25.5.17) മറുപടി ലഭിച്ചിട്ടില്ല.

# 3-2 അങ്കണവാടികൾക്ക് കുക്കർ വാങ്ങൽ ഉയർന്ന നിരക്കിൽ വാങ്ങി

പ്രോജക്ട് നമ്പർ-142/17-അങ്കണവാടികൾക്ക് കുക്കർ വാങ്ങൽ

വികസന ഫണ്ട് - 35750

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ബിൽ നമ്പർ-8/16-17 തിയ്യതി 9.3.17

25 അങ്കണവാടികൾക്ക് 7.5.ലിറ്റർ കുക്കർ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് ക്വാട്ട് ചെയ്ത EFFAR TRADING, PATTIKKARA, PALAKKAAD എന്ന സ്ഥാപനത്തിൻെറ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ടി സ്ഥാപനത്തിന്റ ക്വട്ടേഷൻ നിരക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അളവ് | കമ്പനി | റേറ്റ് |
|---|---|---|---|
| 1 | 7.5 litre | Green Chef | 1060 |
| 2 | " | Butterfly | 1430 |

Butterfly കമ്പനിയുടെ 25 കുക്കറാണ് വാങ്ങി നല്കിയിരിക്കുന്നത്. ഒരു കുക്കറിന് 1361.90രുപ നിരക്കിൽ 25 എണ്ണത്തിന് 34047.50 രൂപയും ടാക്സ് 5% നിരക്കിൽ 1702.38/- രൂപയും കൂടി ആകെ 35750/-നല്കിയിരിക്കുന്നു. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ (Green Chef) പരിഗണിച്ചിരുന്നെങ്കിൽ 26500/- രുപയും ആയതിൻെറ 5% നിരക്കിലുള്ള നികുതിയും (1325/-)കൂടി ആകെ 27825/- രൂപ നല്കിയാൽ മതിയായിരുന്നു. 16.11.2016 ന് ചേർന്ന പർച്ചേസിംഗ് കമ്മറ്റി മിനുട്സ് തീരുമാനം 5 ൽ നിലവിൽ കുക്കർ ഇല്ലാത്ത 25 അങ്കണവാടികൾക്ക് ടെണ്ടർ/ക്വട്ടേഷൻ മുഖാന്തിരം കുക്കർ വാങ്ങി നൽകുന്നതിന് അംഗീകാരം നൽകി എന്നതല്ലാതെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ പരിഗണിക്കാതിരുന്നതിന് പ്രത്യേകിച്ച് കാരണങ്ങൾ മിനിട്ടുസിലോ ഫയലിലോ ഇല്ല. മാത്രമല്ല പർച്ചേസിംഗ് കമ്മറ്റി സാമ്പിളുകൾ ആവശ്യപ്പെടുകയോ ഗുണനിലവാരം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിയമാനുസൃതം സ്വീകരിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയതിനാൽ ചെലവ് തുക 35750 രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 ഉപയോഗ യോഗ്യമല്ലാത്ത (Unfit) കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു.

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ തിയ്യതി 22.3.2011 ഖണ്ഡിക സി (2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ

അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷ സംവിധാനങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഉപയോഗ യോഗ്യമല്ലാത്ത (Unfit) കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| ക്രമനമ്പർ | സെൻറർ നമ്പർ | പേര് |
|---|---|---|
| 1 | 171 | കല്ലിങ്കൽ |
| 2 | 177 | കരിങ്കരപ്പുള്ളി |
| 3 | 178 | കാക്കാത്തറ |
| 4 | 179 | വാര്യത്ത്കാട് |
| 5 | 180 | തിരുവാലത്തൂർ |

## 3-4 അങ്കണവാടികൾ-കേന്ദ്രസഹായം ചെലവഴിച്ചില്ല.

സ.ഉ.നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും ത.സ്വ.ഭ.വ സ്ഥാപനങ്ങൾ മുൻഗണന നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പൂരക പോഷകാഹാര പരിപാടി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1240687/-രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരുപ്പായി തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. തുക മുകളിൽ സൂചിപ്പിച്ച പ്രകാരം ചെലവഴിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-5 കന്നുകുട്ടിപരിപാലനം-രസീതി, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ : S135/17

പ്രൊജക്ട് : പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി

അടങ്കൽ : 3,12,500 ( പദ്ധതി വിഹിതം)

ചെലവ് : 2,93,750

പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി ബിൽ നമ്പർ 1/16-17 തീയ്യതി 30.3.17 പ്രകാരം 2,93,750 പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാടിന് നൽകിയതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക നൽകിയതിന്റെ രസീതോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/26.5.17) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. തുകവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

# 3-6 പദ്ധതിചെലവ് - ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് 2016-17 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്തിട്ടുണ്ടെങ്കിലും സുലേഖ -ചെലവ് പത്രികയിൽ ചെലവില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| പദ്ധതി | ചെലവ് പത്രിക പ്രകാരം | യഥാർത്ഥ ചെലവ് |
|---|---|---|
| പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് (20/17) | അടങ്കൽ - 216000<br>ചെലവ് - 0 | 153000 |
| കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ(23/17) | അടങ്കൽ - 1732528<br>ചെലവ് - 0 | 906831 |

പദ്ധതി ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 എം.ജി.എൻ.ആർ.ഇ.ജി.എസ്.തൊഴിലാളികളുടെ കൂലി നല്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച്.

ഗ്രാമപഞ്ചാത്തിൻെറ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധനക്ക് വിധേയമാക്കിയതിൽ ഗ്രാമപഞ്ചായത്തിൽ 2017 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത 30 പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 5267768/രൂപ നല്കുവാൻ കുടിശ്ശികയുള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | വർഷം/തിയ്യതി | തൊഴിലാളികളുടെ എണ്ണംകേന്ദ്ര | നല്കുവാനുള്ള കൂലി |
|---|---|---|---|---|
| 1 | മരുതൻകാട്തോട് സംരക്ഷണം | 2016-17/2.1.17 | 78 | 136856 |
| 2 | ഊറപ്പാടം കൈച്ചാൽ വൃത്തിയാക്കാൽ | 2016-17/2.1.17 | 25 | 34148 |
| 3 | നെല്ലികുന്നം മുതൽ പെരുവെമ്പ് കൈച്ചാൽ വൃത്തിയാക്കാൽ | 2016-17/2.1.17 | 64 | 89060 |
| 4 | ആറാട്ടുകടവ് സംരക്ഷണം | 2016-17/4.1.17 | 50 | 54636 |
| 5 | കനാൽ മുതൽ മുനിസ്സിപ്പൽ അതിർത്തി വരെ തോട് സംരക്ഷണം | 2016-17/2.1.17 | 34 | 43150 |
| 6 | ചിറപ്പാടം റോഡ് മുതൽ പാളയം റോഡ് വരെ തോട് വൃത്തിയാക്കാൽ | 2016-17/3.1.17 | 61 | 92920 |
| 7 | വണ്ടിത്തോട് ബണ്ട് സംരക്ഷണം | 2016-17/3.1.17 | 90 | 145368 |
| 8 | വക്കീൽപ്പാടം കൈച്ചാൽ വൃത്തിയാക്കാൽ | 2016-17/4.1.17 | 88 | 128548 |
| 9 | വാളയാർ ചാൽ വൃത്തിയാക്കാലും സംരക്ഷണവും | 2016-17/8.1.17 | 76 | 97332 |
| 10 | ചേമ്പടം തോട് സംരക്ഷണം | 2016-17/3.1.17 | 28 | 79348 |
| 11 | ആൽത്തറ കടവ് വൃത്തിയാക്കൽ | 2016-17/9.1.17 | 25 | 52080 |
| 12 | കുതിരമുല്ലരി ചാൽ വൃത്തിയാക്കൽ | 2016-17/22.1.17 | 80 | 143004 |
| 13 | പി.എ.തറ ചാൽ വൃത്തിയാക്കൽ | 2016-17/7.1.17 | 37 | 42192 |

| | | | | |
|---|---|---|---|---|
| 14 | കാരാക്കാട് കൈച്ചാൽ വൃത്തിയാക്കൽ | 2016-17/18.1.17 | 62 | 90740 |
| 15 | കണ്ടൻകാട് കൈച്ചാൽ വൃത്തിയാക്കൽ | 2016-17/23.1.17 | 80 | 95140 |
| 16 | കൈരളി തോട് സംരക്ഷണം | 2016-17/23.1.17 | 90 | 100992 |
| 17 | തുപ്പലംകാട് കുളം വൃത്തിയാക്കൽ | 2016-17/20.2.17 | 105 | 447116 |
| 18 | പ്ലാക്കാട് കുളം വൃത്തിയാക്കൽ | 2016-17/22.2.17 | 130 | 458364 |
| 19 | കണക്കവളപ്പ് അങ്കൺവാടി സമീപം പൊന്നമലതോട് വൃത്തിയാക്കൽ | 2016-17/20.2.17 | 39 | 129516 |
| 20 | കുണ്ടലംപറമ്പ് വൃത്തിയാക്കൽ | 2016-17/20.2.17 | 36 | 86948 |
| 21 | മണ്ണമ്പ്രട്ട കുളം വൃത്തിയാക്കി സംരക്ഷണം | 2016-17/20.3.17 | 60 | 395636 |
| 22 | ഉണ്ണികൃഷ്ണൻ വക കുളം ആഴംകൂട്ടി സംരക്ഷണം | 2016-17/20.3.17 | 72 | 469328 |
| 23 | ബാലകൃഷ്ണൻ വക കുളം ആഴംകൂട്ടി വൃത്തിയാക്കൽ | 2016-17/26.3.17 | 81 | 412836 |
| 24 | പനംകുളം ആഴംകൂട്ടി സംരക്ഷണം | 2016-17/2.3.17 | 132 | 488208 |
| 25 | അരണാട്ടുകുളം ആഴംകൂട്ടി സംരക്ഷണം | 2016-17/11.3.17 | 109 | 177340 |
| 26 | പുഴക്കടവ് സംരക്ഷണം വണ്ടിത്തോട് ഭാഗത്ത് | 2016-17/21.3.17 | 81 | 38544 |
| 27 | തെക്കേക്കുളം ആഴംകൂട്ടി സംരക്ഷണം | 2016-17/21.3.17 | 92 | 478872 |

| | | | | |
|---|---|---|---|---|
| 28 | പി.എം.എ.വൈ.ഭവന നിർമ്മാണം | 2016-17/21.3.17 | 8 | 88560 |
| 29 | വാർഡ് 12 ഭ്രവികസനം (കിണർ നിർമ്മാണം) | 2016-17/21.3.17 | 6 | 10248 |
| 30 | മാരിയപ്പൻകുളംആഴംകൂട്ടി സംരക്ഷണം | 2016-17/21.3.17 | 60 | 160738 |
| | ആകെ | | | 5267768 |

തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3), തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ച്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ കൂലിയിനത്തിൽ കുടിശ്ശിക ഉണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/25.5.17) സ്ഥാപനം നല്കിയ മറുപടിയിൽ കേന്ദ്ര ഫണ്ട് ലഭിക്കാത്തതിനാലാണ് കുടിശ്ശിക ഉണ്ടാകുവാൻ ഇടയായത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഭവന നിർമ്മാണം-പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

പ്രോജകട് നമ്പരും പേരും-52/16-17-ജവഹർ ഭവന നിർമ്മാണം -ജനറൽ

നിർവ്വഹണോദ്യോഗസ്ഥ-എൽ.വി.ഇ.ഒ

ജവഹർ ഭവന നിർമ്മാണം -ജനറൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെയായി ആകെ 100000/- രൂപ മാത്രം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് | അനുവദിച്ച ധനസഹായം | കൈപ്പറ്റിയ ധനസഹായം | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|---|
| 1 | ഉഷ,w/o.മണി, ഓലശ്ശേരി | 200000 | 100000 | 100000 |

ഭവന പദ്ധതിയുടെ നടത്തിപ്പിൻെറ ഭാഗമായി അവസാന ഗഡു കൈപ്പറ്റിയിരിക്കുന്നത് 1.3.16 ൽ ആണ്. ആയതിനുശേഷം ബാക്കി തുക കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം അനുവദിച്ച ധനസഹായം 12% പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 3-9 ഓണം അഡ്വാൻസ്- 15000 രൂപ തിരികെ ഈടാക്കണം

ഗ്രാമപഞ്ചായത്തിലെ 3 ജീവനക്കാരുടെ ഓണം അഡ്വാൻസ് ഇനത്തിൽ പിരിച്ചെടുത്ത തുക ചെക്ക് നം 2499878 / 30.3.17 പ്രകാരം 42000/- രൂപ ഡി.ഡി.പി, പാലക്കാടിന് നൽകിയിട്ടുണ്ട്. ഡി.ഡി.പി. പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

| പേരും തസ്തികയും | തുക |
|---|---|
| ശ്രീമതി. കാഞ്ചന<br>അസി.സെക്രട്ടറി | 15000 |
| ശ്രീ.ലേഖ<br>സീ.ക്ലർക്ക് | 15000 |
| ശ്രീ.അബ്ദുൾ ഹക്കീം<br>സീനിയർ ക്ലർക്ക് | 12000 |
| ആകെ | 42000 |

ശ്രീ.അബ്ദുൾ ഹക്കീം, സീനിയർ ക്ലർക്കിന് കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നുമാണ് ഓണം അഡ്വാൻസ് നൽകിയിരുന്നത്. എന്നാൽ ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കിയ തുക തെറ്റായി ഡി.ഡി.പി.ഓഫീസിലേക്കും തുടർന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ഒടുക്കുകയാണ് ചെയ്തത്. കൂടാതെ ശ്രീമതി.ലേഖയിൽ നിന്നും ഈടാക്കിയത് 12000 രൂപയായിരുന്നു. എന്നാൽ 15000/- രൂപയാണ് ഡി.ഡി.പി.ഓഫീസിലേക്ക് ഒടുക്കിയത്. ഇപ്രകാരം ആകെ 15000/-(12000+3000) രൂപ ഡി.ഡി.പി.ക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി നൽകിയിട്ടുണ്ട്. തനത്ഫണ്ടിന് നഷ്ടമായ 15000/- രൂപ ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/27.5.17 ന് മറുപടിയായി സെക്ഷൻ ക്ലർക്കിൽ നിന്നും ഈടാക്കുന്നതാണ് എന്നാണ് അറിയിച്ചത്)

# 3-10 സാക്ഷരതാ പ്രേരക് മാരുടെ ഹൊണറേറിയം-

## ₹120114 ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 3 സാക്ഷരതാ പ്രേരകുമാരുടെ ഹൊണറേറിയം തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. 6.1.16 വരെ പ്രതിമാസം 2900 രൂപയും തുടർന്ന് പ്രതിമാസം 12000 രൂപയുമാണ് നൽകിയത് . G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10/16 വരെയുള്ള ചെലവ് തുക ₹ 145800 സാക്ഷരതാ മിഷനിൽ നിന്നും 8-2-2017 ന് മാത്രമാണ് ലഭിച്ചത്. എന്നാൽ ഗ്രാമപഞ്ചായത്ത് 11/2016 മുതൽ 3/17 വരെ ഹോണറേറിയം നൽകുവാൻ ചെലവഴിച്ച ₹ 120114 നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 പഞ്ചായത്ത് ഓഫീസ് നവീകരണപദ്ധതി- അപാകതകൾ

പഞ്ചായത്ത് ഓഫീസ് നവീകരണം

അടങ്കൽ / ചെലവ് - 1228498 രൂപ (ലോകബാങ്ക്)

ബിൽ നമ്പർ - 14015200090180/28.3.17

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ മീറ്റിങ്ങ് ഹാൾ ഇന്റീരിയർ വർക്ക് പ്രവർത്തി നിർമ്മിതി കേന്ദ്ര മുഖേനയാണ് നടപ്പിലാക്കിയത്. 12 ലക്ഷത്തിലധികം അടങ്കലുള്ള പദ്ധതി നിയമാനുസൃതം ഇ- ടെണ്ടർ ചെയ്യാതെ നിർമ്മിതികേന്ദ്ര മുഖേനയാണ് നടപ്പിലാക്കിയത്. നിർമ്മിതികേന്ദ്രയുടെ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ മാത്രമേ നിർമ്മിതിയെ ഏൽപ്പിക്കാവൂ എന്ന് GO- 244/13/lsgd dt 30.1.13 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മീറ്റിംഗ് ഹാൾ ഫർണ്ണീച്ചർ, ഇ.പി.ബി.എ.എക്സ് .സിസ്റ്റം, വാൾ പാനലിംഗ്, ഫാൾസ് സീലിംഗ്, നെറ്റ്‌വർക്കിംഗ് തുടങ്ങിയ പ്രവർത്തികളാണ് പദ്ധതിയിൽ നിർമ്മിതി മുഖേന ചെയ്തിട്ടുള്ളത്. പ്രവർത്തിയിലെ പ്രധാന ഇനങ്ങളെല്ലാം പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കേണ്ട പർച്ചേസുകളായിരുന്നു. നിർമ്മിതി കേന്ദ്രയുടെ തനത് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികളൊന്നും പദ്ധതിയിൽ ഉൽപ്പെട്ടിരുന്നില്ല. നിർമ്മിതി തയ്യാറാക്കിയ എസ്റ്റിമേറ്റ്, ബിൽ എന്നിവ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് തുക നൽകിയത്. ആകെ പ്രവർത്തിമൂല്യം 958274 രൂപയാണെങ്കിലും നിർമ്മിതി മുഖേന ചെയ്തതിനാൽ 8% സെന്റേജ് ചാർജ്ജും 14% സർവീസ് ടാക്സും മറ്റ് നികുതികളും ഉൾപ്പെടെ 1228498 രൂപ നിർമ്മിതിയ്ക്ക് നൽകേണ്ടിവന്നു. ഓഡിറ്റ് എൻക്വയറിക്ക് (16/27.5.17) "പ്രവൃത്തികൾ ഓരോന്നും പ്രത്യേകമായി

നടപ്പിലാക്കുന്നതിന് പ്രായോഗികബുദ്ധിമുട്ടുകളും നിർവഹണഉദ്യോഗസ്ഥർ തമ്മിലുള്ള വ്യത്യാസവും കാരണം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തടസ്സം നേരിട്ടും എന്നതിനാലാണ് നിർമ്മിതിയെ ഏൽപ്പിച്ചത്." എന്നാണ് മറുപടി നൽകിയത്. പദ്ധതിഫണ്ട് വിനിയോഗിക്കുമ്പോൾ ഏറ്റവും കുറഞ്ഞ ചെലവിൽ പ്രവർത്തി പൂർത്തിയാക്കുവാനുള്ള ശ്രമങ്ങൾ നടത്താതെ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തേണ്ട പർച്ചേസുകളുൾപ്പെടെ വിവിധ പ്രവർത്തികൾ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി മറ്റൊരു നിർവഹണഏജൻസിയെ ഏൽപ്പിച്ചതിനാലാണ് പഞ്ചായത്ത് ഫണ്ടിന് അധികചെലവുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേഖലയിലെ നിർവഹണഉദ്യോഗസ്ഥർ നേരിട്ട് നിർവഹിക്കുന്നതിനും അനിവാര്യമായ ഇനങ്ങൾ മാത്രം സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കി മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 <u>ഖരമാലിന്യ സംസ്കരണ പദ്ധതി - പ്ലാൻഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു</u>

പ്രൊജക്ട് - ഖരമാലിന്യ സംസ്കരണ പദ്ധതി (160/17)

അടങ്കൽ - പ്ലാൻഫണ്ട് – ₹ 1318790

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -₹ 4582900/-

ആകെ - ₹ 5901690 /-

ചെലവ്

ബിൽ നം - 14075200090163/23.3.17

പ്ലാൻഫണ്ട് -₹ 1318790

ബ്ലോക്ക് പഞ്ചായത്ത് - ₹ 2382900

നിർവഹണം - സെക്രട്ടറി

ശുചിത്വമിഷന്റെ സാമ്പത്തികസാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ച ഖരമാലിന്യ സംസ്കരണ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

- അജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള സാങ്കേതികവിദ്യയും മെഷിനറികളും ഉപയോഗിക്കുന്നതിനായി കല്ലിങ്കൽ ശ്മശാനത്തിന് സമീപം പ്ലാന്റ് സ്ഥാപിക്കുക,
- അജൈവമാലിന്യം കുടുബശ്രീയൂണിറ്റുകൾ വഴി കൈകാര്യം ചെയ്യുന്നതിന് MRF Centre സ്ഥാപിക്കുക,
- IRTC മുഖേന പ്ലാന്റ് സ്ഥാപിക്കുക

എന്നാൽ ശുചിത്വമിഷനുമായോ IRTC യുമായോ പദ്ധതിസംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ആശയവിനിമയം നടത്തുകയോ കരാറിലേർപ്പെട്ടുകയോ ചെയ്തിട്ടില്ല. പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ശുചിത്വമിഷന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് എന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടങ്കലിൽ ഗ്രാമ-ബ്ലോക്ക് വിഹിതങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങളൊന്നും നടത്താതെ പ്ലാൻഫണ്ട് വിഹിതം സേവിംഗ്സ് അക്കൗണ്ടിലേക്ക് (ടി.എസ്.ബി- 1806) മാറ്റുകയാണ് സെക്രട്ടറി ചെയ്തത്. ഓഡിറ്റ് അന്വേഷണം 16/27.5.17 ന് നൽകിയ മറുപടിയിൽ സംയുക്തപ്രോജക്ടുകൾക്കുള്ള തുക എസ്.ബി.അക്കൗണ്ടിലൂടെ ചെലവഴിക്കണം എന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചത് എന്നും 2017-18 ൽ സ്പിൽഓവർ പ്രോജക്ടായി അംഗീകാരം വാങ്ങിയിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. IRTC പദ്ധതി നടപ്പിലാക്കാൻ തയ്യാറാവാത്തതിനാൽ 2017-2018 ൽ എ.ഇ. മുഖേന നടപ്പിലാക്കാനാണ് പുതിയ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്

മാർച്ച് 31 നകം ചെലവഴിക്കാതെ പ്രസ്തുത എസ്.ബി.അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പ്ലാൻഫണ്ട് തുക സർക്കാരിലേക്ക് 31-3-17 ന് തിരിച്ചടക്കണം എന്ന് വ്യവസ്ഥ (G.O(P) 7/17/Fin dt 23.1.2017 ) പാലിക്കാതെ തുക നാളിതുവരെയും എസ്.ബി.അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങളൊ ഫീസിബിലിറ്റി സ്റ്റഡിയോ നടത്താതെയും തൻവർഷം നടപ്പിലാകുവാൻ സാധ്യതയില്ലാത്തതുമായ പദ്ധതിക്കായി 23.3.17 ന് പ്ലാൻഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമപ്രകാരമല്ല. എസ്.ബി.അക്കൗണ്ടിലുള്ള 37,01,690 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുകയോ നിയമാനുസൃതം സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയശേഷം പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതാണ്.

## 3-13 എ.ബി.സി പ്രൊജക്ട് - വിനിയോഗരേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ – എ.ബി.സി പ്രൊജക്ട് (144/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 350000 പ്ലാൻ(ജനറൽ)

- 64000( CFC)

ചെലവ് - 350000 /-

ബിൽ നം - 1415200090141/16.1.17 – 350000

തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായുള്ള ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്കായി

ഗ്രാമപഞ്ചായത്ത് വിഹിതമായ 350000 രൂപ പദ്ധതി ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖകളോ വിനിയോഗ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ ജില്ലാ പഞ്ചായത്തിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. തുക സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-14 ഡെപ്പോസിറ്റ് പ്രവർത്തികൾ -വിനിയോഗരേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്ലാൻഫണ്ട് വിനിയോഗിച്ച് ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ (168/17) | 140152 00090186/ 28.3.2017 | 176966 | - | വിനിയോഗ വിവരം ലഭ്യമായില്ല |
| “ | “ | 14015 200090185/ 28.3.2017 | 74055 | | |

കെ.എസ്.ഇ.ബി.യുമായി നിയമാനുസൃതം കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി മോണിറ്റർ ചെയ്യുകയും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകുന്നു എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ നിർവഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

## 3-15 ഫർണിച്ചർ പർച്ചേസ് - നടപടിക്രമങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങി

പ്രൊജക്ട് - കൊടുമ്പ് കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ വാങ്ങൽ (23/17)

അടങ്കൽ - 1732528 – തനത് ഫണ്ട്

ചെലവ് -

| വൗച്ചർ നമ്പർ | തുക | സ്ഥാപനം |
|---|---|---|
| 21601156/31.3.17 | 691431 | സിഡ്കോ - 200 perforated single chair |
| 21601157/31.3.17 | 119600 | രാജധാനി എന്റർപ്രൈസ് 200 arm chair |
| 21601158/31.3.17 | 95800 | എഫാർ ട്രേഡേഴ്സ്, 200 armless chair |

കൊടുമ്പ് കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ആകെ 906831 രൂപയുടെ ചെയറുകൾ വാങ്ങിയിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിക്ക് 5 ലക്ഷത്തിലധികം അടങ്കലുണ്ടെങ്കിലും നിയമാനുസൃതം ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രകാരം സിഡ്കോയിൽ നിന്ന് നേരിട്ട് (ടെണ്ടർ നടപടി ഇല്ലാതെ) 200 സ്റ്റീൽ ചെയറുകളും ഓപ്പൺ ടെണ്ടർ മുഖേന 2 സ്ഥാപനങ്ങളിൽ നിന്ന് 200 വീതം പ്ലാസ്റ്റിക് ചെയറുകളും വാങ്ങിയിട്ടുണ്ട്. ഒരു പദ്ധതിക്കായി രണ്ട് വ്യത്യസ്ത പ്രച്ചേസ് നടപടികൾ സ്വീകരിച്ചു കാണുന്നു.

23.2.17 ന് പ്ലാസ്റ്റിക് ചെയറുകൾക്ക് (Armed & Armless) ടെണ്ടർ ക്ഷണിക്കുകയും 2 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. "ബലമുള്ളതും ഈടുനിൽക്കുന്നതുമായ ഗ്രേഡ്" എന്ന് മാത്രമാണ് ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| രാജധാനി എന്റർപ്രൈസ് -ബ്രാൻഡ് (All ISO certified) | നിരക്ക് | എഫാർ ട്രേഡേഴ്സ് - ബ്രാന്റ് | നിരക്ക് |
|---|---|---|---|
| നാഷണൽ | 230 | ഫ്രണ്ട് ലി | 214 |
| സൺ | 265 | സൺ | 199 |
| നീൽകമൽ 4002- | 398 | നീൽകമൽ 2071 | 410 |
| “ - 2160 | 447 | “ 2160 | 475 |
| “ - 2101/2061 | 498 | എസ്ക്വയർ | 341 |
| Armless | | | |

| | | | |
|---|---|---|---|
| National | 199 | ഫ്രണ്ട് ലി | 204 |
| സൺ | 252 | | 194 |
| നീൽകമൽ - 4002 | 388 | നീൽകമൽ - 4002 | 420 |
| നീൽകമൽ - 4015 | 445 | | |
| നീൽകമൽ -4025/26 | 495 | നീൽകമൽ 4025/26 | 499 |
| | | എസ്ക്വയർ | 321 |

തുടർന്ന് രണ്ട് സ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന രണ്ട് ക്വട്ടേഷനുകൾ വീണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

| നീൽകമൽ മോഡൽ നമ്പർ | രാജധാനി | എഫോർ |
|---|---|---|
| 2036 - Armed | 598 | 620 |
| 4028 - Armless | 2036 | 479 |
| | Quatation in Undated letterpad | In letterpad not dated not signed. |

മേൽ " ക്വട്ടേഷനുകൾ" സെക്രട്ടറി ഇനീഷ്വൽ ചെയ്യുകയോ തിയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 27.2.17 ലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തി മോഡൽ നമ്പർ - 2036 –ന് രാജധാനി എന്റർപ്രൈസിനും മോഡൽ നമ്പർ 4028 ന് എഫാർ ട്രേഡേഴസിനും സെലക്ഷൻ നോട്ടീസ് നൽകി. ഭരണസമിതി മിനുട്സിൽ സാമ്പിൾ പരിശോധിച്ച് വാങ്ങാൻ തീരുമാനിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പർച്ചേസ് കമ്മിറ്റി 16.11.16 ന് ശേഷം യോഗം ചെർന്നിട്ടില്ല. സാമ്പിൾ പരിശോധിച്ചതിനോ ഗുണനിലവാരം സംബന്ധിച്ച തീരുമാനമെടുത്തതിനോ രേഖകളില്ല. ടെണ്ടറിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെയും ലഭ്യമായ ടെണ്ടറുകൾ പരിഗണിക്കാതെയും സ്ഥാപനങ്ങളിൽ നിന്ന് വീണ്ടും രണ്ട് മോഡൽ ചെയറുകൾക്ക് നിരക്ക് ലഭ്യമാക്കി സപ്ലൈ ഓർഡർ നൽകിയ നടപടി പ്രോക്യൂർമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ടെണ്ടറിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് - Arm chair @ 199 & Armless @194 പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ( Arm chair @548 & Armless @ 479 ) വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. ഓഡിറ്റ് എൻക്വയറി നം 16/27.5.17 ന് മറുപടിയായി ഗുണനിലവാരം കുറഞ്ഞതിനാലാണ് കുറഞ്ഞ നിരക്കിലുള്ളവ പരിഗണിക്കാതിരുന്നത് എന്നാണ് അറിയിച്ചത്. നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയതിനാൽ ചെലവ് തുക 215400 /- തടസ്സപ്പെടുത്തുന്നു.

## 3-16 ചിറപ്പാടം അംഗൻവാടി നിർമ്മാണം - പദ്ധതി നടപ്പിലാക്കിയില്ല

പ്രൊജക്ട് - ചിറപ്പാടം അംഗൻവാടി നിർമ്മാണം

നിർവഹണം - സെക്രട്ടറി

ചെലവ് - 300000/-

ബിൽ നമ്പർ - 2000090180/30.3.17

ചിറപ്പാടം അംഗൻവാടി നിർമ്മാണത്തിനായി പ്ലാൻഫണ്ടിൽ നിന്നും 300000/- MNREGS mission director ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം എം.എൻ.ആർ.ഇ.ജി.എസിനെയാണ് കെട്ടിട നിർമ്മാണം ഏൽപ്പിച്ചത്. 3 ലക്ഷം രൂപ പ്ലാൻഫണ്ട് 2 ലക്ഷം രൂപ സാമൂഹ്യനീതി വകുപ്പ്, 5 ലക്ഷം എം.എൻ.ആർ.ഇ.ജി.എസ്. എന്നിങ്ങനെ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയത്. ഗ്രാമപഞ്ചായത്തും സാമൂഹ്യനീതി വകുപ്പും തുക എം.എൻ.ആർ.ഇ.ജി.എസ്. മിഷന് കൈമാറിയെങ്കിലും പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. എം.എൻ.ആർ.ഇ.ജി.എസുമായി കരാർ ചമച്ചിട്ടുമില്ല. നിലവിലുള്ള അംഗൻവാടി കെട്ടിടം നാളിതുവരെ പൊളിച്ചുമാറ്റിയിട്ടില്ല. പ്ലാൻഫണ്ട് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പ്രവർത്തി പൂർത്തിയാക്കേണ്ട സമയക്രമം നിശ്ചയിച്ച് കരാർ തയ്യാറാക്കേണ്ടതും സമയപരിധിക്കകം പദ്ധതി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വ്യക്തിഗത ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം IRTC ക്ക് 137700 രൂപ നിർമ്മൽ പുരസ്കാര ഫണ്ടിൽ നിന്നും 15300/- രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്. ( IRTC RT. - 128/29.3.17 ). 170 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഐ.ആർ.ടി.സി. ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആർക്കും നാളിതുവരെ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച് നൽകിയിട്ടില്ല. മാലിന്യ സംസ്കരണ പദ്ധതിക്ക് ശുചിത്വ മിഷനിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് മാത്രമാണ് പദ്ധതിക്കായി വകയിരുത്തിയത്. കൂടാതെ ശുചിത്വമിഷന്റെ 3419/C2/15/Lsgd dt 29.11.16 പ്രകാരം പൈപ്പ് കമ്പോസ്റ്റ് പ്രോത്സാഹിപ്പിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിരുന്നു. മേൽ നിർദേശങ്ങൾ പാലിക്കാതെയാണ് പദ്ധതിക്കായി ഫണ്ട് ചെലവഴിച്ചത്. ഓഡിറ്റ് എൻക്വയറി നമ്പർ

16/27.5.17 ന് മറുപടി നൽകിയത് മുൻവർഷത്തെ സ്പിൽഓവർ പദ്ധതിയായിരുന്നു എന്നും ഗുണഭോക്തൃവിഹിതം മുൻവർഷം ഒടുക്കിയതിനാലാണ് പദ്ധതി നടപ്പിലാക്കിയത് എന്നുമാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ കാലഹരണപ്പെട്ട സംവിധാനങ്ങൾക്കായി ഫണ്ട് ചെലവഴിക്കപ്പെടുകയും മാലിന്യസംസ്കരണം എന്ന ലക്ഷ്യം നിറവേറ്റാനാവാതെ വരുകയും ചെയ്യുന്നു. പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

ന്യായീകരണയോഗ്യമായ കാരണങ്ങളില്ലാതെ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

കോഴിപ്പറമ്പ് എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രൊ.നം. 126/16 (5/17) | അടങ്കൽ- 354000 രൂപ (എസ്.സി.പി)<br>കരാർ തുക – 354000/- |
| എഗ്രിമെന്റ് നം. - 17/AE/LSGD/KDB/15-16/27.7.15 | |
| ചെലവ് - 354000/- രൂപ | ബിൽ നം. 13/31.3.15 |
| കരാറുകാരൻ - ശ്രീ. പി.കെ.ശിവദാസ്, കിണാശ്ശേരി | അളവ് പുസ്തകം നം. 50/16-17 |
| പ്രവൃത്തി ആരംഭിച്ച തിയതി | 27.7.15 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31.3.16 |

| | |
|---|---|
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 17.3.17 |
| ഗ്രേസ് പിരീഡ് | 27.7-2015 മുതൽ 31.3.16വരെയുള്ള കാലാവധിയുടെ 20%.<br><br>248* 20/100 = 50 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1. 21.5.2016 മുതൽ 20-8-2016 വരെ(1%) - 3540 രൂപ<br><br>2. 21.8.16 മുതൽ 20-11-2016 വരെ (2%) - 7080 രൂപ<br><br>3. 21.11-2016 മുതൽ 20-2-2017 വരെ - (2%) - 7080/- രൂപ<br><br>4. 21.2.2017മുതൽ 17.3.17 വരെ<br><br>345000*25/90*2/100= 1917 രൂപ<br><br>ആകെ - 19617 രൂപ |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 19617 രൂപ |

മേൽ പ്രവൃത്തിയിൽ റോഡിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുവാൻ 20.2.2017നാണ് KSEB-യിൽ തുക അടച്ചിട്ടുള്ളത്. വാല്യുവേഷൻ പ്രകാരം 22.2.17ന് പ്രവൃത്തി ആരംഭിച്ച് 17.3.17ന് പൂർത്തിയാക്കി.

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/27.5.16ന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് അടയ്ക്കുന്ന മുറയ്ക്ക് രസീതി ഹാജരാക്കാം എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-19 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7

ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. സെലക്ഷൻ നോട്ടീസുകളിൽ ഒന്നും തന്നെ തിയതി രേഖപ്പെടുത്തുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 115/16, 35/17 – കുന്നംകാട് എസ്.സി.കോളനി പാർശ്വഭിത്തി നിർമ്മാണം<br>അടങ്കൽ - 1850000/-<br>പി.എ.സി. –1849019/-<br>കരാറുകാരൻ - ശ്രീ. സമീർഖാൻ.എ., കൊട്ടമ്പ്<br>എം.ബുക്ക് നം. - 41/15-16<br>ബിൽ നം. 2/31.10.16 | 29.12.2015 | 19.1.2016 | 20.4.2016<br>നം. 01/AE/LSGD /KDB/16-17 | 18490 |
| 2 | 148/16, 8/17 – കുന്നംകാട് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 106000/- | 27.1.16 | 17.2.16 | 20.5.16<br>നം.3 | 1048 |

| | | | | | |
|---|---|---|---|---|---|
| | പി.എ.സി. - 104839/-<br><br>കരാറുകാരൻ - ശ്രീ.സമീർഖാൻ, എ., കൊട്ടുമ്പ്<br><br>എം.ബുക്ക് നം. - 3/15-16<br><br>ബിൽ നം. 3/31.10.16 | | | | |
| 3 | 124/16, 4,17 – വെറ്ററിനറി ഡിസ്പെൻസറിയുടെ അറ്റകുറ്റപ്പണി<br><br>അടങ്കൽ - ₹.690000/-<br><br>പി.എ.സി. - ₹.687796/-<br><br>കരാറുകാരൻ - ശ്രീ.സുരേഷ് കുമാർ.എം., കാടാംകോട്<br><br>എം.ബുക്ക് നം. - 4/15-16, 49/15-16, 65/16-17<br><br>ബിൽ നം. 7/31.12.16 | 29.12.15 | 19.1.16 | 17.2.16<br><br>നം.56 | 6878 |
| 4 | 152/16, 9/17- തെയ്യംകുന്നം കൾവർട്ട് നിർമ്മാണം<br><br>അടങ്കൽ - ₹. 100000/-<br><br>പി.എ.സി. ₹. 98997/-<br><br>കരാറുകാരൻ - ശ്രീ. സമീർഖാൻ.എ., കൊട്ടുമ്പ്<br><br>എം.ബുക്ക് നം. - 1/15-16<br><br>ചെക്ക് നം. 1829699/6.3.17 | 27.1.16 | 17.2.16 | 20.5.16<br><br>നം.2 | 990 |

| | | | | | |
|---|---|---|---|---|---|
| 5 | 142/16, 62/17 – ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മാണം<br><br>അടങ്കൽ - 1390000/-<br><br>പി.എ.സി. - ₹. 1389664/-<br><br>കരാറുകാരൻ - ശ്രീ.സുരേഷ് കുമാർ.എം., കാടാംകോട്<br><br>എം.ബുക്ക് നം. - 5/15-16, 50/15-16, 45/15-16,66/16-17<br><br>ബിൽ നം. 10/22.2.17, 11/31.3.17 | 29.12.15 | 19.1.16 | 17.2.16<br><br>നം.57 | 13896 |
| | ആകെ | | | | 41302 |

ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുകയുടെ ഒടുക്കിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13/27.5.2016) ന് പിഴ ഒടുക്കാൻ കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് അടയ്ക്കുന്ന മുറയ്ക്ക് രസീത് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

# 3-20 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക,നടപ്പാക്കിയ പ്രൊജക്ടുകൾ,ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയ തുക | നടപ്പാക്കിയത് / ചെലവഴിച്ച തുക | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 85 | 29 | 34% |
| 24820625 | 7246254 | 29.19% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 34% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 29.19% തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/27.5.2017 ന് ജനുവരി 2017 മാസത്തിനകം ടെണ്ടർ നടപടികൾ നടത്തിയിട്ടുള്ളത് എന്നും എസ്റ്റിമേറ്റ് റേറ്റിൽ ഓരോ quarterly-യും വ്യത്യാസപ്പെടുന്നതുമൂലം ഈ വർഷത്തെ പദ്ധതികൾക്കെല്ലാം ബിറ്റുമിൻ ആവശ്യമായത് ഉൽപ്പാദിപ്പിക്കുവാൻ കേരളത്തിലെ റിഫൈനറികളിൽ കടുത്ത ബുദ്ധിമുട്ട് ഉള്ളതിനാലും ആണ് ഈ സാമ്പത്തിക വർഷത്തെ എല്ലാ ടാറിംഗ് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-21 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - അവലോകനം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 4 കുടിവെള്ള വിതരണ പദ്ധതികളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കൾ |
|---|---|
| പാവോടി കുടിവെള്ള പദ്ധതി | 304 |
| കനാൽ കുടിവെള്ള പദ്ധതി | 299 |
| ആറ്റിങ്ങൽ കുടിവെള്ള പദ്ധതി | 60 |
| ചെവിടൻകാവ് കുടിവെള്ള പദ്ധതി | 56 |
| ആകെ | 719 |

ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് 4.7 ലക്ഷം രൂപയാണ്. തൻവർഷ വരവ് 2.176 ലക്ഷം രൂപയും കുടിശ്ശിക വരവ് 80492 രൂപയുമാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ

ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 534855 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 201925 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 403400 |
| ആകെ | 1140180 |

5 ലക്ഷത്തിൽ താഴെ മാത്രം ഡിമാന്റുള്ള പദ്ധതിയുടെ നടത്തിപ്പിനായി 11 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നുണ്ട്. വെള്ളക്കരം ഇനത്തിലെ വരവ് താരതമ്യേന കുറവും പ്രവർത്തനച്ചെലവ് വളരെ കൂടുതലുമാണെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്.

സ.ഉ (സാ) നം. 1275/2009/ ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. കൂടാതെ വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പരിമിതമായ വരവു സ്രോതസ്സുകളുള്ള ഗ്രാമ പഞ്ചായത്തിന്റെ ആവർത്തനച്ചലവുകൾ കുറയ്ക്കുന്നതിനുള്ള ശ്രമം നടത്തേണ്ടത് അനിവാര്യമാണ്. ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-22 തെരുവ് വിളക്കുകളുടെ വൈദ്യുതിക്കരം -അവലോകനം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതിക്കരം സുൽത്താൻപേട്ട, പുതുനഗരം, ചിറ്റൂർ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് ഒടുക്കിവരുന്നത്. ഇതിൽ പുതുനഗരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവ്വിളക്കുകൾക്കെല്ലാം മീറ്റർ സ്ഥാപിച്ച് ഉപഭോഗം അടിസ്ഥാനമാക്കിയാണ് വൈദ്യുതിക്കരം ഒടുക്കുന്നത്. ചിറ്റൂർ സെക്ഷനിൽ ഭൂരിഭാഗം വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ചിട്ടുണ്ട് (ശരാശരി 9000/-). 4022 രൂപ മീറ്ററില്ലാത്ത വിളക്കുകളുടെ വൈദ്യുതിക്കരമായി ചിറ്റൂർ കെ.എസ്.ഇ.ബിയിൽ ഒടുക്കുന്നുണ്ട്. പാലക്കാട് സെക്ഷനിൽ 31001 രൂപയാണ് പ്രതിമാസം ഒടുക്കുന്നത്. മീറ്റർ സ്ഥാപിക്കുന്നതിന് ₹ 249100/- (ബിൽ നം - 1047/25.3.13) വൈദ്യുതിബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ സ്ഥാപിച്ചിട്ടില്ല. പാലക്കാട് സെക്ഷനിലെ തെരുവ്വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| | നിരക്ക് | എണ്ണം | തുക |
|---|---|---|---|
| ഡബിൾ ട്യൂബ് | 124 | 132 | 16368 |
| ഡബിൾ സി.എഫ്.എൽ | 56 | 162 | 9072 |
| സിംഗിൾ സി.എഫ്.എൽ | 28 | 66 | 1848 |
| എൽ.ഇ.ഡി | 12 | 12 | 144 |
| സോഡിയം വേപ്പർ ലാംപ് | 414 | 6 | 2484 |
| സാധാരണ ബൾബ് | 155 | 7 | 1085 |
| | | | 31001 |

വൈദ്യുതി ഉപഭോഗം കൂടുതലായ ട്യൂബ്ലൈറ്റുകൾക്ക് പകരം വൈദ്യുതിഉപഭോഗം കുറവുള്ള എൽ.ഇ.ഡി.ഉൾപ്പെടെയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വൈദ്യുതിക്കരം ഇനത്തിലെ ചെലവ് കുറക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2382900 | ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ | 0 | 2382900 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | ബിൽ | മുൻകൂർ | ചെലവഴിച്ച | ചെലവ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ | നൽകിയ തുക | തുക | ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (168/17) | 90186/ 28.3.2017 | 176966 | - | വിനിയോഗ വിവരം ലഭ്യമായില്ല |
| “ | “ | 90185/ 28.3.2017 | 74055 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16991/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 2-2(1) | 250 | ശാന്തകുമാരി, JPHN | 11601103496/6.11.16 |
| 2015-16 | 3-3(2) | 1844 | രമണൻ.കെ., കോൺട്രാക്ടർ | 11601103504/8.11.16 |

| | | | | |
|---|---|---|---|---|
| 2015-16 | 3-3(8) | 2160 | പ്രീജ.ആർ, ഗുണഭോക്താവ് | 11601103507/8.11.16 |
| 2015-16 | 2-2(2) | 300 | പൂജകൃഷ്ണ (ടെക്നിക്കൽ അസിസ്റ്റന്റ്) | 11601105539/4.3.17 |
| 2015-16 | 2-2(2) | 1320 | ഷാജഹാൻ, ഡ്രൈവർ | 11601105857/16.3.17 |
| 2015-16 | 3-3(2) | 1300 | അരവിന്ദാക്ഷൻ (കോൺട്രാക്ടർ) | 11601106100/23.3.17 |
| 2015-16 | 2-2(3) | 8332 | പ്രീജ.ആ.ജെ. | 11601101699/4.7.16 |
| 2015-16 | 3-3(1) | 1485 | ശിവദാസ്.പി.കെ. | 11601103810/8.12.16 |
| ആകെ | | 16991 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 51053288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45903616/ |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 123190 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 251150 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 47271 | ശ്രീ.നന്ദകുമാർ<br>കൃഷി ഓഫീസർ |
| 3-9 | 15000 | ശ്രീ.എ.വിനോദ് കുമാർ<br>സെക്രട്ടറി |
| 3-18 | 19617 | ശ്രീമതി.നിർമല.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | 41302 | ശ്രീമതി.നിർമല.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 123190 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 35750 | ശ്രീമതി.ബേബി.കെ.<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-15 | 215400 | ശ്രീ.എ.വിനോദ് കുമാർ<br>സെക്രട്ടറി |
| ആകെ | 251150 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

----

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നിർമല.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കൊടുമ്പ് ഗ്രാമപഞ്ചായത്ത് | ഹരിത ഗാർഡൻസ്<br>സദ്ഗുരുയോഗ ആശ്രമത്തിന് സമീപം.<br>വിളയോടി.പിഒ.<br>പാലക്കാട്<br>678103 |
| ശ്രീ.നന്ദകുമാർ<br>കൃഷി ഓഫീസർ | കൃഷിഓഫീസർ<br>കൊടുമ്പ് ഗ്രാമപഞ്ചായത്ത് | ശ്രീവൽസം<br>ശാരദനഗർ.<br>കരിങ്കരപ്പുള്ളി(പി.ഒ)<br>കൊടുമ്പ് |
| ശ്രീ.എ.വിനോദ് കുമാർ | സെക്രട്ടറി<br>കൊടുമ്പ് | കൃഷ്ണകാരുണ്യ<br>വെസ്റ്റ് തറ |

| | | |
|---|---|---|
| സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | കൊല്ലങ്കോട്<br>678506 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LF.P7-748/89/7.6.01 | ഫർദർ റിമാർക്സ് |
| 1998-99 | LF.P7-648/01/7.7.01 | സർചാർജ് പ്രൊപ്പോസൽ |
| 1999-00 | LF.P7-793/04/5.11.05 | ഫർദർ റിമാർക്സ് |
| 2000-01 | LF.P7-793/04/5.11.05 | ഫർദർ റിമാർക്സ് |
| 2001-02 | LF.P7-762/06/19.2.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | LF.P7-762/06/19.2.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.2091/Spl.Cell/ 22.7.08 | തുക ഈടാക്കുന്നത് സംബന്ധിച്ച് |
| 2004-05 | LF.P15-1511/10 | ശുദ്ധിപത്രം |
| 2005-06 | LF.P15-1345/10/ 18.11.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P15-1607/12/ 10.9.12 | ഖ.3(5) സാധൂകരണം |
| 2007-08 | LF.P15-1749/11/ 26.12.11 | സർചാർജ് പ്രൊപ്പോസൽ |
| 2008-09 | LF.P15-1605/12/ 23.12.12 | സർചാർജ് പ്രൊപ്പോസൽ |
| 2009-10 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് |

| | | |
|---|---|---|
| | | ശുപാർശ |
| 2010-11 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2011-12 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2012-13 | LF.P15-2250/14/ 09.03.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14& 2014-15 | KSAPKD15/591/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSAPKD14 -24/2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി14/1039/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തിയതി: 07.06.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥ ആസ്തിമൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

2. താഴെ പറയുന്ന വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

- തൊഴിൽ നികുതി
- വെള്ളക്കരം
- വാടക
- ഡി&ഒ രജിസ്റ്റർ

3. മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD14/1039/2017

Kerala State Audit Department

District Audit Office

Palakkad, Date: 07.06.2017

## Audit Certificate

Certified that I have audited the Annual Financial Statement of kodumbu Grama Panchayath for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of kodumbu Grama Panchayath for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset Register not updated and linked with Sankhya Software.

Hence Asset Value not reflected properly in the Balance Sheet.

2. Abstract not prepared and certified by the secretary in respect of following revenue items

- Profession Tax
- water tax
- Rent
- D&O Licence
- building permit

3. Advance Register not maintained

Deputy Director